WEBSITE: www.keralapsc.gov.in

E-mail:kpsc.psc@kerala.gov.in
Telephone No: 0471-2546274

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നിവരിൽ നിന്നും (കാറ്റഗറി നമ്പർ 001/2023) തസ്തികയിലേക്കുള്ള അർഹതാനിർണ്ണയ പരീക്ഷ

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

| | |
|---|---|
| 1. | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകൾ (Eligibility Test) Objective Type - (ONLINE) രീതിയിലായിരിക്കും. |
| 2. | വകുപ്പുതല പരീക്ഷയുടെ വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കുന്നതിലേക്കായി പരീക്ഷാർത്ഥികൾ പരീക്ഷാകേന്ദ്രത്തിൽ ടൈംടേബിൾ പ്രകാരമുള്ള സമയത്ത് തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വെരിഫിക്കേഷൻ നടപടി സമയം കഴിഞ്ഞ് വൈകിയെത്തുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. |
| 3. | പരീക്ഷാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ പി.എസ്.സി മുദ്രയുടെ പ്രിന്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്. |
| 4. | പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് (ഓഫീസ് മേധാവി യഥാവിധി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കേണ്ടതും പരിശോധനയ്ക്ക് നൽകി തിരികെ കൈപ്പറ്റേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് (ഓഫിസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കാത്തപക്ഷം പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. |
| 5. | അഡ്മിഷൻ ടിക്കറ്റ് സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും ഉണ്ടായിരിക്കണം. ഓഫീസ് മുദ്ര നിർബന്ധമായും പതിച്ചിരിക്കണം. ടി നിർദ്ദേശങ്ങൾ പാലിക്കാത്ത പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. |
| 6. | ഓരോ പേപ്പറിന് പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള കുറഞ്ഞ മാർക്ക് 40% ഉം ആയിരിക്കും. നെഗറ്റീവ് മാർക്ക് ബാധകമാണ്. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാകുകയില്ല. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റ് ഉത്തരത്തിനും 1/3 മാർക്ക് നഷ്ടമാകുകയും ചെയ്യും. |
| 7. | **യാതൊരുകാരണവശാലും പരീക്ഷാകേന്ദ്രമാറ്റം അനുവദിക്കുന്നതല്ല.** |
| 8. | യാത്രാബത്തയ്ക്ക് അർഹരായ പരീക്ഷാർത്ഥികൾ Attendance Certificate അതാതുദിവസം പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും കൈപ്പറ്റേണ്ടതാണ് |
| 9. | കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുറിപ്പുകൾ പുസ്തകങ്ങൾ, ഗൈഡുകൾ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, കാൽക്കുലേറ്റർ, ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ, ബ്ലൂടൂത്ത്, വാക് മാൻ, വാച്ച് തുടങ്ങിയ ഇലക്ട്രോണിക് / വാർത്താമിനിമയ ഉപകരണങ്ങൾ എന്നിവ പരീക്ഷാകേന്ദ്രത്തിൽ അനുവദിക്കുന്നതല്ല. പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

| | |
|---|---|
| 10. | നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ കർശനമായും പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരുടെ പേരിൽ വകുപ്പുതലപരീക്ഷകളിൽ നിന്നും ഡീബാർ ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 11. | **ഉദ്യോഗാർത്ഥികൾ പരീക്ഷാ കേന്ദ്രപരിസരങ്ങളിലും പരീക്ഷാ ഹാളിനുള്ളിലും കോവിഡ്-19 മാനദണ്ഡപ്രകാരം സാമൂഹിക അകലവും വ്യക്തി ശുചിത്വവും പാലിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുന്നതിനായി ഉദ്യോഗാർത്ഥികൾ മാത്രം പരീക്ഷാ കേന്ദ്രത്തിനുള്ളിൽ പ്രവേശിക്കണമെന്നഭ്യർത്ഥിക്കുന്നു.** |
| 12 | **ഉദ്യോഗാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിലും പരിസരങ്ങളിലും നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം. മാസ്ക് ധരിക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിനകത്ത് പ്രവേശിപ്പിക്കുന്നതല്ല.** |
| 13 | **ഉദ്യോഗാർത്ഥികൾക്ക് Hand Sanitizer, സുതാര്യമായ കുപ്പിയിൽ (Transparent Bottle) കുടിവെള്ളം എന്നിവ ഉപയോഗിക്കാവുന്നതാണ്.** |

(ഒപ്പ്)
**സെക്രട്ടറിയ്ക്കുവേണ്ടി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**